# സത്യവെളിച്ചം

## യോഹന്നാൻ 1:9

“ഏതു മനുഷ്യനെയും പ്രകാശിപ്പിക്കുന്ന സത്യവെളിച്ചം ലോകത്തിലേക്കു വന്നു കൊണ്ടിരുന്നു.”

യോഹന്നാന്റെ സുവിശേഷം തുടങ്ങുന്നതു തന്നെ ഭൂജാതനായ, ദൈവത്തിന്റെ കുഞ്ഞാടായ, ലോകത്തിന്റെ വെളിച്ചമായ, നമ്മുടെ കർത്താവും, രക്ഷിതാവുമായ യേശുവിന്റെ സവിശേഷതകളെ വർണ്ണിച്ചു കൊണ്ടാണ്. വാക്യം 4 ൽ ഇപ്രകാരം പറയുന്നു, ‘അവനിൽ ജീവൻ ഉണ്ടായിരുന്നു; ജീവൻ മനുഷ്യരുടെ വെളിച്ചമായിരുന്നു. വെളിച്ചം ഇരുളിൽ പ്രകാശിക്കുന്നു; ഇരുളോ അതിനെ പിടിച്ചടക്കിയില്ല.’ ഞാൻ തന്നെ വഴിയും സത്യവും ജീവനും ആകുന്നു എന്ന് പറഞ്ഞ കർത്താവിനെ സാക്ഷീകരിച്ചുകൊണ്ട് യോഹന്നാനിലൂടെ ദൈവത്തിന്റെ ആത്മാവ് വീണ്ടും വചനത്തിൽ എഴുതിവെച്ചിരിക്കുന്നു, അവൻ മാത്രമാണ് ജീവൻ, ആ ജീവൻ ഉള്ളിലുള്ളവനെല്ലാം തങ്ങളുടെ അന്ധകാരത്തിന്റെ അനുഭവങ്ങളിൽ നിന്നു വിട്ടു മാറി സത്യവെളിച്ചത്തിന്റെ അനുഭവത്തിലേക്ക് കടന്നു വരും. കുറിവാക്യത്തിൽ നാം കണ്ടതുപോലെ, അത് ഏത് മനുഷ്യനേയും പ്രകാശിപ്പിക്കുന്ന വെളിച്ചമാണ്. അതു തന്നെയാണ് ആ വെളിച്ചത്തിന്റെ വലിയ പ്രത്യേകത. എന്നാൽ ആ വെളിച്ചത്തെ കാണാൻ കഴിയാതെ പോയ തന്റെ സ്വന്ത ജനമായ യിസ്രായേൽ അവനെ കൈക്കൊള്ളാതെ തള്ളിക്കളഞ്ഞു എന്ന് തുടർന്നുള്ള വചനത്തിൽ നാം വായിക്കുന്നു.

പ്രിയരേ, യോഹന്നാൻ 3:19 ൽ ഇപ്രകാരം പറയുന്നു, ‘ന്യായവിധി എന്നതോ, വെളിച്ചം ലോകത്തിൽ വന്നിട്ടും മനുഷ്യരുടെ പ്രവൃത്തി ദോഷമുള്ളതു ആകയാൽ അവർ വെളിച്ചത്തേക്കാൾ ഇരുളിനെ സ്നേഹിച്ചതു തന്നെ.’ ആയതിനാൽ അവനെ അറിഞ്ഞിട്ടും, അവൻ വാസ്തവത്തിൽ സത്യവെളിച്ചമാണെന്ന് അനുഭവിച്ചിട്ടും, അവനെ കൈക്കൊള്ളാതെ തള്ളിക്കളയുന്ന ഏവർക്കും ന്യായവിധി വന്നു കഴിഞ്ഞു എന്ന് വചനം വളരെ വ്യക്തമായി പറയുന്നു. തങ്ങളുടെ പ്രവൃത്തികളിൽ ദോഷമുള്ളവരായി, ഈ പ്രഭാമയനായ കർത്താവിനെ തള്ളി ലോകമോഹങ്ങളോടും സാത്താന്യ പ്രവൃത്തികളോടും അനുരൂപരാകുന്നവർ, ഇരുളിന്റെ ആഴങ്ങളിലേക്ക് എറിയപ്പെടുക തന്നെ ചെയ്യും. കർത്താവ്, താൻ സത്യവെളിച്ചമാണെന്നു സാക്ഷികരിച്ച് പറയുന്നിടത്തെല്ലാം, തന്നിൽ വിശ്വസിക്കുന്നവർ അല്ലെങ്കിൽ തന്നെ സ്വീകരിക്കുന്നവർ അവർ ഏത് അന്ധകാരത്തിൽ, അല്ലെങ്കിൽ ഇരുളിന്റെ അവസ്ഥയിൽ ആയിരുന്നാലും, താൻമൂലം പ്രകശിക്കുന്നവരായി മാറും എന്ന് ഉറപ്പ് നൽകുന്നു. യോഹന്നാൻ 8:12 ൽ കർത്താവു പറയുന്നു, ‘ഞാൻ ലോകത്തിന്റെ വെളിച്ചമാകുന്നു; എന്നെ അനുഗമിക്കുന്നവൻ ഇരുളിൽ നടക്കാതെ ജീവന്റെ

വെളിച്ചമുള്ളവൻ ആകും.' ഇന്ന് നമ്മുടെ ജീവിതത്തിന്റെ അനുഭവങ്ങളിൽ ഈ വാക്യം നമ്മെ ശോധന ചെയ്യട്ടെ.

പ്രിയ ദൈവപൈതലേ, നമ്മിലുള്ള അന്ധകാരത്തിന്റെ അനുഭവങ്ങളെയെല്ലാം കർത്താവിന്റെ കരങ്ങളിൽ ഏൽപ്പിച്ചു കൊടുക്കാം. ഇനിയും ഇരുളിൽ നിറഞ്ഞു നിൽക്കുന്ന ജീവിതത്തിന്റെ ഏത് ഭാവമാണോ പ്രകാശപൂരിതമാകേണ്ടത്, അതിനെ വേർതിരിച്ച് ദൈവകരങ്ങളിൽ സമർപ്പിക്കാം. തന്റെ അത്ഭുതപ്രകാശത്താൽ അവൻ നമ്മെ നിറച്ച് നമ്മിലുള്ള എല്ലാ അന്ധകാരത്തേയും നീക്കി നമ്മുടെ മുഖം ലജ്ജിച്ചുപോകാതെ പ്രകാശിക്കാൻ ഇടയാക്കിത്തീർക്കട്ടെ. ലോകക്കാരും, സ്വന്തക്കാരും തള്ളിക്കളഞ്ഞ ഈ സത്യവെളിച്ചത്തെ വിശ്വസിച്ച് കൈക്കൊള്ളുന്നവർക്കെല്ലാം ദൈവമക്കളാകുവാനാണ് പിതാവാം ദൈവം അധികാരം നൽകിയിരിക്കുന്നത്. അങ്ങനെയെങ്കിൽ ഈ സത്യവെളിച്ചമായവനെ നമ്മുടെ ഉള്ളങ്ങളിലേക്ക് സ്വീകരിക്കാൻ നാം എന്തിനു ഇനിയും വിമുഖത കാണിക്കുന്നു. ആ അധികാരത്തിന്റെ നല്ല അംശികളായി മാറുവാൻ ദൈവം തന്റെ സത്യവെളിച്ചത്താൽ നമ്മെ നിറക്കുമാറാകട്ടെ. ദൈവം നമ്മെ അനുഗ്രഹിക്കട്ടെ.

**പരാമർശം:**

1 യോഹന്നാൻ 2:8

ഇരുട്ടു നീങ്ങിപ്പോകുന്നു; സത്യവെളിച്ചം ഇതാ പ്രകാശിക്കുന്നു.

ബ്രദർ. ബിനു ബേബി ആലപ്പുഴ 184